

# ഖുര്‍ആന്‍ ബോധനം



| എ.വൈ.ആര്‍

സൂറ-16

# അന്നഹ്ല്‍

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِ ۖ وَهُوَ أَعْلَمُ بِالْمُهْتَدِينَ ﴿١٢٥﴾

**125.** പ്രവാചകന്‍, യുക്തിയുക്തമായും ഹൃദയാവര്‍ജ്ജകമായ സദുപദേശമായും നിന്റെ വിധാതാവിന്റെ സരണിയിലേക്ക് പ്രബോധനം ചെയ്തുകൊണ്ടിരിക്കുക. തന്റെ സരണിയില്‍ നിന്നു വ്യതിചലിച്ചവരെ നന്നായറിയുന്നത് നിന്റെ നാഥന്‍ തന്നെയാകുന്നു. സന്മാര്‍ഗസ്ഥരാരെന്നും ഏറ്റം അറിയുന്നത് അവന്‍ തന്നെ.

ادْعُ = നീ വിളിക്കുക(പ്രവാചകാ, പ്രബോധനം ചെയ്തുകൊണ്ടിരിക്കുക)
إِلَىٰ سَبِيلِ رَبِّكَ = നിന്റെ വിധാതാവിന്റെ സരണിയിലേക്ക് بِالْحِكْمَةِ = തത്ത്വത്തോടെ(യുക്തിയുക്തമായും)
وَالْمَوْعِظَةِ الْحَسَنَةِ = നല്ല ഉപദേശമായും(ഹൃദയാവര്‍ജ്ജകമായ സദുപദേശമായും) وَجَادِلْهُم = അവരോട് സംവദിക്കുക
بِالَّتِي هِيَ أَحْسَنُ = ഏറ്റവും നല്ലതായതുകൊണ്ട്(ഏറ്റം വിശിഷ്ടമായ രീതിയില്‍) إِنَّ رَبَّكَ = തീര്‍ച്ചയായും നിന്റെ നാഥന്‍
هُوَ أَعْلَمُ = അവന്‍ തന്നെ ഏറ്റം അറിയുന്നു(നന്നായറിയുന്നത് നിന്റെ നാഥന്‍ തന്നെയാകുന്നു)
بِمَن ضَلَّ = വ്യതിചലിച്ചവരെ عَن سَبِيلِهِ = അവന്റെ സരണിയില്‍ നിന്ന് وَهُوَ أَعْلَمُ = ഏറ്റം അറിയുന്നത് അവന്‍ തന്നെ
بِالْمُهْتَدِينَ = സന്മാര്‍ഗസ്ഥരെ(സ്ഥര്‍ ആരെന്നും)

**125.** പ്രവാചകനോടും അദ്ദേഹത്തിലൂടെ മുസ്‌ലിം സമൂഹത്തോടും ഇസ്‌ലാമിക പ്രബോധനം തുടരാനും അതില്‍ നേരിടേണ്ടിവരുന്ന പ്രയാസങ്ങളും പ്രതിസന്ധികളും ക്ഷമയോടെ, ആര്‍ജ്ജവത്തോടെ തരണം ചെയ്യാനും നിര്‍ദ്ദേശിച്ചിരിക്കുകയാണ് സൂറഃയുടെ അന്തിമ സൂക്തങ്ങളില്‍. നിന്റെ നാഥന്റെ സരണിയിലേക്ക് പ്രബോധനം ചെയ്യുക. ادْعُ إِلَىٰ سَبِيلِ رَبِّكَ എന്ന വാക്യം മുസ്‌ലിംകളല്ലാത്തവരെ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യുന്നതിനെയും മുസ്‌ലിംകളായവരെ ഇസ്‌ലാമിന്റെ സംസ്കാരത്തിലേക്കും നടപടിക്രമങ്ങളിലേക്കും പ്രബോധനം ചെയ്യുന്നതിനെയും ഉള്‍ക്കൊള്ളുന്നു. മറ്റു ചില സ്ഥലങ്ങളില്‍ أمر بالمعروف ونهى عن المنكر എന്നു പറഞ്ഞിട്ടുള്ളതിന്റെ മറ്റൊരു ഭാഷ്യമാണിത്. മൂലത്തിലെ بِالْحِكْمَةِ നെയാണ് യുക്തിയുക്തമായി എന്ന് തര്‍ജ്ജമ ചെയ്തിട്ടുള്ളത്. حكمة ന്റെ അര്‍ഥവും ആശയവും ഖുര്‍ആന്‍ ബോധനം അല്‍ബഖറ 129 -ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ആവശ്യമായ തെളിവുകളും ന്യായങ്ങളും നിരത്തി, സന്ദര്‍ഭത്തിന്റെ ഔചിത്യം പരിഗണിച്ച് പ്രബോധിതരുടെ സാംസ്കാരിക നിലവാരവും മാനസികാവസ്ഥയും മനസ്സിലാക്കി തികഞ്ഞ യുക്തിബോധത്തോടെയാണ് ആളുകളെ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യേണ്ടത് എന്നാണ് ഇവിടെ بِالْحِكْمَةِ കൊണ്ട് ഉദ്ദേശിക്കുന്നത്. നന്മയായ ഉപദേശം എന്നാണ് الْمَوْعِظَةِ الْحَسَنَةِ ന്റെ വാക്കര്‍ഥം. പ്രബോധിതനോടുള്ള നിഷ്കളങ്കമായ സ്നേഹവും ഗുണകാംക്ഷയും തുളുമ്പുന്ന ഭാഷയിലും ശൈലിയിലുമുള്ള ഉപദേശങ്ങളും ഉല്‍ബോധനങ്ങളും ബോധവല്‍ക്കരണവുമാണ് ഇവിടെ ഉദ്ദേശ്യം. ഇസ്‌ലാമിക പ്രബോധനത്തിന്റെ രണ്ട് അടിസ്ഥാന തത്ത്വങ്ങള്‍ തന്നെയാണിത്. പ്രബോധകന്‍ പറയുന്നതെന്തും തെളിവിന്റെയും ന്യായത്തിന്റെയും വെളിച്ചത്തിലായിരിക്കണം. അതവതരിപ്പിക്കുന്നത് പ്രകോപനത്തിന്റെയോ, പ്രലോഭനത്തിന്റെയോ, ഭീഷണിയുടെയോ, കുതര്‍ക്കത്തിന്റെയോ, സ്വന്തം കേമത്തം പ്രകടിപ്പിക്കുന്നതിന്റെയോ, ശൈലിയിലായിരിക്കരുത്. പ്രത്യുത പ്രബോധിതനോടുള്ള സത്യസന്ധമായ ഗുണകാംക്ഷയും അനുഭാവവും ആദരവും ഉള്‍ക്കൊണ്ട് അവരുടെ ഹൃദയങ്ങളിലേക്കിറങ്ങിച്ചെല്ലുന്ന വിനയത്തിന്റെയും വിവേകത്തിന്റെയും ഭാഷയിലായിരിക്കണം. അപ്പോള്‍ അവര്‍ അതു ശ്രദ്ധിച്ചു കേള്‍ക്കാനും അതെപ്പറ്റി കൂടുതല്‍ ആലോചിക്കാനും പ്രേരിതരാകും. തികഞ്ഞ ശത്രുതയുള്ളവരോട്പോലും ഈ ശൈലിയാണ് സ്വീകരിക്കേണ്ടത്. സൂറഃ *ഫുസ്സിലത്തില്‍* അതിങ്ങനെ ഉണര്‍ത്തിയിരിക്കുന്നു:

ادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ ﴿٣٤﴾

(ഏറ്റവും നന്മയായതു കൊണ്ട് നീ പ്രതിരോധിക്കുക. അപ്പോൾ നിന്നോട് വൈരമുള്ളവൻ ഉറ്റമിത്രമായിത്തീരുന്നതു കാണാം). ഇപ്പറഞ്ഞ രീതിയിലൊക്കെ സമീപിച്ചാലും ചിലയാളുകൾ സത്യനിഷേധത്തിലും ഇസ്‌ലാം വിരോധത്തിലും തന്നെ ഉറച്ചു നിൽക്കും. കണ്ണും കാതും മനസ്സും അല്ലാഹു അടച്ചു പൂട്ടിയിട്ടുള്ള ചിലരുണ്ടല്ലോ. പക്ഷേ, എല്ലാവരോടും പ്രബോധകൻ സ്വീകരിക്കേണ്ട സമീപനരീതി ഇപ്പറഞ്ഞതു തന്നെയാണ്.

ഈ നിർദേശം ആവശ്യമായിത്തീർന്ന പശ്ചാത്തലം ഇതാണ്. മുൻസൂക്തങ്ങളിൽ നിന്ന് വ്യക്തമാകുന്നതുപോലെ, അന്ന് ഇസ്‌ലാം വിരോധികൾ മുസ്‌ലിംകൾക്കെതിരെയുള്ള അക്രമമർദനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിരുന്നു. മറുവശത്തു പ്രവാചകനു പുറമെ ഒരു സംഘം വിശ്വാസികളും പ്രബോധന രംഗത്ത് പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഈ പരിതസ്ഥിതിയിൽ അവിശ്വാസികളുടെ അതിക്രമങ്ങളിൽ പ്രകോപിതരായി മുസ്‌ലിംകളും അത്തരം ചില നടപടികളിലേക്ക് തിരിയുക അചിന്ത്യമായിരുന്നില്ല. അങ്ങനെ സംഭവിച്ചാൽ ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രകൃതി തന്നെ അട്ടിമറിയും. ഈ ആപത്തൊഴിവാക്കുന്നതിനുവേണ്ടി, പ്രബോധന പ്രവർത്തനത്തിൽ യുക്തിദീക്ഷയും ഔചിത്യബോധവും പ്രബോധിതരോടുള്ള നിഷ്കളങ്കമായ ഗുണകാംക്ഷയും അതിപ്രധാനമാണെന്നും ഋജുവായ ആ മാർഗത്തിൽ നിന്ന് വ്യതിചലിക്കരുതെന്നും പ്രബോധകരെ ഉണർത്തുകയാണ്.

പ്രബോധന പ്രവർത്തനങ്ങളിൽ ചർച്ചകളും സംവാദങ്ങളും അനിവാര്യമായിത്തീരുക സ്വാഭാവികമാകുന്നു. നിസ്വാർഥമായ സത്യാന്വേഷണത്തിന്റെയും പ്രതിപക്ഷ ബഹുമാനത്തിന്റെയും ശൈലിയാണതിൽ സ്വീകരിക്കേണ്ടത്. പ്രതിയോഗിയുടെ വികാരം വ്രണപ്പെടുത്തുകയോ കൊച്ചാക്കുകയോ ചെയ്യാൻ ശ്രമിച്ചുകൂടാ. എങ്ങനെയും വാദത്തിൽ ജയിക്കുകയല്ല; സത്യം വെളിപ്പെടുത്തുകയായിരിക്കണം ലക്ഷ്യം. വാദപ്രതിവാദത്തിൽ ജയിച്ചതുകൊണ്ടു മാത്രം സത്യം വെളിപ്പെട്ടുകൊള്ളണമെന്നില്ല. ഒരു കക്ഷി ഉത്തരം മുട്ടിയതുകൊണ്ടു മാത്രം അവർക്ക് മറുകക്ഷിയുടെ വാദം ബോധ്യപ്പെട്ടുകൊള്ളണമെന്നില്ല. പ്രതിയോഗി പ്രകോപനപരമായ ശൈലി സ്വീകരിച്ചാലും പ്രബോധകൻ തന്റെ സംസ്കാരവും സമചിത്തതയും കൈവിട്ട് പ്രകോപിതരായിക്കൂടാ. സൂറഃ ബനീഇസ്രാഈലിൽ ഈ സംഗതി ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു:

وَقُل لِّعِبَادِى يَقُولُوا۟ ٱلَّتِى هِىَ أَحْسَنُ ۚ إِنَّ ٱلشَّيْطَـٰنَ يَنزَغُ بَيْنَهُمْ ۚ

إِنَّ ٱلشَّيْطَـٰنَ كَانَ لِلْإِنسَـٰنِ عَدُوًّا مُّبِينًا

(പ്രവാചകൻ എന്റെ വിശ്വാസികളായ ദാസന്മാരോട് പറയുക, എന്തെന്നാൽ അവർ ഏറ്റം വിശിഷ്ടമായതു സംസാരിക്കട്ടെ. തീർച്ചയായും ചെകുത്താൻ അവരിൽ പ്രകോപനം സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. മർത്യന്റെ തുറന്ന ശത്രു തന്നെയാണ് ചെകുത്താൻ -17:53). وَجَـٰدِلْهُم بِٱلَّتِى هِىَ أَحْسَنُ (അവരോട് ഏറ്റം ഉത്തമമായതുകൊണ്ട് സംവദിക്കുക) എന്ന വാക്യത്തിന് മുജാഹിദ് (റ) اعرض عن اذا هم اياك -നിന്നോടുള്ള അവരുടെ ദ്രോഹങ്ങൾ ക്ഷമിക്കുക- എന്ന് അർഥം നൽകിയതായി ഇബ്നു അബീഹാതിമും മറ്റും ഉദ്ധരിച്ചിരിക്കുന്നു.

യുക്തിബോധത്തോടെ സന്ദർഭോചിതമായി പ്രബോധനം ചെയ്യുന്നതിന് പ്രവാചകനിൽ ധാരാളം മാതൃകകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അബൂ ഉമാമ നിവേദനം ചെയ്യുന്നു: ഒരിക്കൽ ഒരു യുവാവ് നബി(സ)യെ സമീപിച്ച് ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകാ, വ്യഭിചരിക്കാൻ അങ്ങ് എനിക്കനുവാദം നൽകുമോ? മര്യാദകെട്ട ഈ അസഭ്യവർത്തമാനം കേട്ട് പ്രവാചകന്റെ അടുത്തുണ്ടായിരുന്നവർ അയാൾക്കു നേരെ ചീറിയടുത്തു. അയാളെ തന്റെ സമീപത്തേക്ക് കൊണ്ടുവരാൻ നബി(സ) അവരോടാവശ്യപ്പെട്ടു. അയാൾ സമീപം വന്ന് മുന്നിലിരുന്നു. നബി(സ) ചോദിച്ചു: നിന്റെ മാതാവിന് അത് നീ ഇഷ്ടപ്പെടുമോ? അയാൾ: ഇല്ല. ദൈവം എന്നെ അങ്ങേക്ക് പ്രായശ്ചിത്തമാക്കട്ടെ, നബി പറഞ്ഞു: അങ്ങനെയാണ് ആളുകൾ. സ്വന്തം മാതാക്കൾക്ക് അതിഷ്ടപ്പെടുകയില്ല. ശരി, നീ നിന്റെ മകൾക്ക് അതിഷ്ടപ്പെടുമോ? അയാൾ: ഇല്ല. ദൈവം എന്നെ അങ്ങേക്ക് പ്രായശ്ചിത്തമാക്കട്ടെ." നബി(സ): അങ്ങനെയാണ് ആളുകൾ, അവരുടെ പുത്രിമാർക്ക് അതിഷ്ടപ്പെടുന്നില്ല, ശരി, നിന്റെ സഹോദരിക്ക് നീ അതിഷ്ടപ്പെടുമോ? അയാൾ: "ഇല്ല. ദൈവം എന്നെ അങ്ങേക്കു പ്രായശ്ചിത്തമാക്കട്ടെ". തിരുമേനി: "അങ്ങനെയാണ് ആളുകൾ, സ്വന്തം സഹോദരികൾക്ക് അതിഷ്ടപ്പെടുന്നില്ല". അനന്തരം തിരുമേനി (സ) ആ യുവാവിന്റെ മാറിൽ കൈവെച്ചു കൊണ്ട് പ്രാർഥിച്ചു: അല്ലാഹുവേ, ഇവന്റെ മനസ്സിനെ ശുദ്ധീകരിക്കേണമേ, ഇവന്റെ പാപങ്ങൾ പൊറുക്കേണമേ, ഇവന്റെ ഗുഹ്യഭാഗങ്ങൾ സംരക്ഷിക്കേണമേ!" പിന്നീട് അയാൾ വ്യഭിചാരത്തെക്കാൾ വെറുക്കുന്ന മറ്റൊന്നുമുണ്ടായിരുന്നില്ല. നബി(സ) പ്രസ്താവിച്ചതായി ഇബ്നുമർദവൈഹി നിവേദനം ചെയ്യുന്നു. "യുക്തിയുക്തമായും ഹൃദയാവർജ്ജകമായ സദുപദേശമായും അല്ലാഹുവിന്റെ സരണിയിലേക്ക് ക്ഷണിക്കാൻ മാത്രമാകുന്നു അവൻ എന്നെ നിയോഗിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ എന്നോടു ഭിന്നിക്കുന്നവർ നാശത്തിലകപ്പെടുന്നവരാകുന്നു. അല്ലാഹുവും ദൈവദൂതനും അവനിൽ നിന്ന് ഉത്തരവാദിത്വമുക്തരായിരിക്കുന്നു. ഒരുവൻ നിങ്ങളുടെ വല്ലകാര്യവും ഏറ്റെടുക്കുകയും എന്നിട്ട് അതല്ലാത്തത് പ്രവർത്തിക്കുകയും ചെയ്താൽ അവനിൽ അല്ലാഹുവിന്റെയും മലക്കുകളുടെയും സകല ജനത്തിന്റെയും ശാപം പതിക്കുന്നു".

ഒരിക്കൽ പ്രവാചകനെ സന്ദർശിച്ച ഒരു ഗ്രാമീണൻ അദ്ദേഹത്തിന്റെ പള്ളിയിൽ മൂത്രവിസർജ്ജനം ചെയ്തു. അതു കണ്ട് പള്ളിയിലുണ്ടായിരുന്ന പ്രവാചക ശിഷ്യന്മാർ ക്രുദ്ധരായി അയാൾക്കുനേരെ അടുത്തപ്പോൾ പ്രവാചകൻ ശാന്തനായി അവരോടു പറഞ്ഞു: "അയാളെ വിട്ടേക്കുക. നിങ്ങൾ കുറച്ചു വെള്ളം കൊണ്ടുവന്ന് അയാൾ മൂത്രമൊഴിച്ച സ്ഥലം കഴുകി ശുദ്ധിയാക്കുക." ചില ബദവികൾ പെട്ടെന്ന് പ്രവാചകന്റെ മുന്നിൽ വന്ന് ചോദിക്കും: എനിക്ക് ഏറ്റം എളുപ്പമുള്ള ഇസ്‌ലാം പറഞ്ഞു തരിക. അല്ലെങ്കിൽ സ്വർഗം ലഭിക്കാനുള്ള എളുപ്പ മാർഗം പറഞ്ഞു തരിക. പ്രവാചകൻ അവരോടു പറയും: അല്ലാഹു ഏകനാണെന്നും ഞാൻ അവന്റെ ദൂതനാണെന്നും വിശ്വസിക്കുക. പിന്നെ അഞ്ചു നേരം നമസ്കരിക്കുക, സക്കാത്തു കൊടുക്കുക........, അതുകേട്ട് ചിലർ ചോദിക്കും അത്രയും മതിയോ? നബി പറയും മതി. അത്രയും കാര്യങ്ങൾകൊണ്ട് ദീനുൽ ഇസ്‌ലാം സമ്പൂർണ്ണമായി എന്ന അർഥത്തിലല്ല തിരുമേനി അവരെ അങ്ങനെ പഠിപ്പിച്ചത്; അവരുടെ വൈജ്ഞാനിക നിലവാരത്തിന് അത്രയേ ഉൾക്കൊള്ളാനാവൂ എന്നതുകൊണ്ടാണ്. ദൈവശാസ്ത്രത്തിന്റെയും ധർമശാസ്ത്രത്തിന്റെയും തത്ത്വങ്ങളും വിശദാംശങ്ങളും പ്രസംഗിച്ചാൽ

അതൊന്നും അവർക്ക് മനസ്സിലാവില്ല. തങ്ങൾക്ക് ദുർഗ്രഹവും ദുർവ്വഹവുമായ എന്തോ ആണ് പ്രവാചകൻ പറയുന്നതെന്ന് കരുതി പാമരന്മാർ അദ്ദേഹത്തിൽ നിന്ന് പിന്തിരിയുകയായിരിക്കും ഫലം. എന്നാൽ പ്രവാചകൻ പറഞ്ഞുകൊടുത്ത ലളിതവും സുവ്യക്തവുമായ വിശ്വാസം ഉൾക്കൊള്ളുകയും നമസ്കാരാദി അടിസ്ഥാന കർമങ്ങൾ പതിവാക്കുകയും ചെയ്താൽ ക്രമേണ ഏതു പാമരനും ആ വിശ്വാസത്തിനും കർമത്തിനും നിരക്കാത്ത വിശ്വാസങ്ങളിൽ നിന്നും കർമങ്ങളിൽ നിന്നും മുക്തനാവുകയും അയാളുടെ ജീവിതം പുതിയൊരു സംസ്കൃതിയിലേക്ക് വികാസം കൊള്ളുകയും ചെയ്യുന്നു.

ഏറെ പറഞ്ഞ് ആളുകളെ മടുപ്പിക്കരുതെന്ന് നബി(സ) ശിഷ്യന്മാരായ പ്രബോധകരെ ഉപദേശിക്കാറുണ്ടായിരുന്നു. സമയവും സന്ദർഭവും കേൾക്കുന്നവരുടെ മനോഭാവവും പരിഗണിച്ച് കുറേശ്ശെയായി വേണം ഉപദേശിക്കാൻ. ഏറെ പറയുന്നതിലല്ല ഉപദേശിയുടെ മിടുക്ക്; അൽപം പറഞ്ഞ് ഏറെ ഗ്രഹിപ്പിക്കുന്നതിലാണ്. കേൾക്കുന്നവർ ഉറങ്ങുകയാണെങ്കിൽ മണിക്കൂറുകൾ നീണ്ട ഖുത്ബ കൊണ്ടെന്തുപ്രയോജനം? പ്രബോധനം കൽപിക്കുന്നതോടൊപ്പം തന്നെ അതു പ്രയോജനകരമായ രീതിയിലായിരിക്കണം എന്ന നിബന്ധന കൂടി ഖുർആൻ ഉന്നയിക്കുന്നത് ശ്രദ്ധേയമാണ് فَذَكِّرْ إِن نَّفَعَتِ ٱلذِّكْرَىٰ (പ്രബോധനം ചെയ്തുകൊണ്ടിരിക്കണം; പ്രബോധനം പ്രയോജനകരമാണെങ്കിൽ – 87–9).

ഈ സൂക്തത്തിന്റെ പശ്ചാത്തലം ഉൾക്കൊള്ളുന്നതും ഇസ്‌ലാമിക പ്രബോധകർ പൊതുവിൽ അവഗണിക്കുന്നതുമായ ഒരു സുപ്രധാന സംഗതിയുണ്ട്. പ്രബോധിതരുടെ സംസ്കാരവും മതസങ്കൽപ്പങ്ങളും ജീവിതദർശനവുമൊക്കെ സാമാന്യമായെങ്കിലും പ്രബോധകൻ ഗ്രഹിച്ചിരിക്കണം എന്നതാണത്. പ്രബോധകനും പ്രബോധിതരും പൊതുവായി പങ്കുവെക്കുന്ന ആശയങ്ങൾ മുന്നിൽ വച്ചുകൊണ്ടുള്ളതായിരിക്കണം പ്രബോധകന്റെ സമീപനം. അത് പ്രബോധനത്തിലെ حِكْمَةِന്റെയും مَوْعِظَةِ ٱلْحَسَنَةِ ന്റെയും അനിവാര്യ താൽപര്യമാണ്. തൊട്ടുമുമ്പുള്ള സൂക്തങ്ങളിൽ ഇബ്റാഹീം നബിയെ പരാമർശിച്ചത് ശ്രദ്ധേയമാണ്. യഹൂദർക്കും നസ്രായർക്കും അറബികൾക്കും ഏറ്റവും പരിചിതവും ആദരണീയവുമായ വ്യക്തിത്വമായിരുന്നു ഇബ്റാഹീം(അ). അദ്ദേഹത്തിന്റെ ഏകദൈവ വിശ്വാസവും ഭക്തിയും ചൂണ്ടിക്കാണിച്ചു കൊണ്ട് അതിലേക്ക് ജനങ്ങളെ വിളിക്കാനാണ് അല്ലാഹു മുഹമ്മദ് നബി(സ)യോടാവശ്യപ്പെട്ടത്. അടിസ്ഥാനപരമായി ഏകദൈവ വിശ്വാസികളായവരോടാഹ്വാനം ചെയ്യുന്നു:

قُلْ يَـٰٓأَهْلَ ٱلْكِتَـٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًۭٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًۭا مِّن دُونِ ٱللَّهِ ۚ فَإِن تَوَلَّوْا۟ فَقُولُوا۟ ٱشْهَدُوا۟ بِأَنَّا مُسْلِمُونَ

(പ്രവാചകൻ ആഹ്വാനം ചെയ്യുക: അല്ലയോ വേദക്കാരെ, ഞങ്ങളും നിങ്ങളും ഒരുപോലെ അംഗീകരിക്കുന്ന പ്രമാണത്തിലേക്കു വരുവിൻ. അതായത് അല്ലാഹുവല്ലാത്ത ആർക്കും നാം അടിമപ്പെടാതിരിക്കുക, ആരെയും അവന്റെ പങ്കാളികളാക്കാതിരിക്കുക, നമ്മളിൽ ചിലർ ചിലരെ അല്ലാഹുവല്ലാതുള്ള വിധാതാക്കളായി വരിക്കാതിരിക്കുക. ഈ സന്ദേശം സ്വീകരിക്കാൻ കൂട്ടാക്കാതെ പിന്തിരിയുകയാണെങ്കിൽ നിങ്ങൾ അവരോടു പറയുക: ഞങ്ങൾ മുസ്‌ലിംകൾ (അല്ലാഹുവിന് സമർപ്പിതർ) ആകുന്നുവെന്നതിന്ന് നിങ്ങൾ സാക്ഷികളായിരിക്കുവിൻ –3:64). പ്രവാചകന്റെ മുമ്പിലുണ്ടായിരുന്ന പ്രബോധിതരെയാണ് ഖുർആൻ പരാമർശിച്ചിട്ടുള്ളത്. എല്ലാ പ്രബോധിത സമൂഹങ്ങളിലും ഇതുപോലെ പൊതുവായി പങ്കുവെക്കുന്ന മൂല്യങ്ങളുണ്ടായിരിക്കും. ആരെയാണ് സംബോധന ചെയ്യുന്നതെന്നറിയുന്നവർക്കേ സന്ദർഭോചിതമായും യുക്തിയുക്തമായും സംസാരിക്കാൻ കഴിയൂ. ആരെയാണ് സംബോധന ചെയ്യുന്നതെന്നറിയാൻ അവരുടെ സംസ്കാരവും മൂല്യസങ്കൽപങ്ങളും ദർശനങ്ങളുമൊക്കെ അറിഞ്ഞിരിക്കണം. إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ എന്ന വാക്യത്തിന്റെ സാരമിതാണ്: പ്രബോധനത്തിന്റെ ഫലഭാഗം അല്ലാഹുവിനു വിട്ടുകൊടുക്കുക. ആരൊക്കെയാണ് വഴിതെറ്റി പോകുന്നതെന്നും ആരൊക്കെയാണ് നേർവഴി പ്രാപിക്കുന്നതെന്നും അവന് നന്നായറിയാം. ഓരോരുത്തരും അർഹിക്കുന്നത് അവൻ നൽകുന്നു. പ്രബോധനം ചെയ്യുക മാത്രമാണ് പ്രബോധകന്റെ ചുമതല. പ്രബോധനം യഥാവിധി നിർവഹിച്ചാൽ അവന്റെ ചുമതല തീർന്നു. ബാക്കി കാര്യങ്ങൾ അല്ലാഹു നോക്കിക്കൊള്ളും. ■